**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 33** **12-10-2026-ൽ മറുപടിയ്ക്ക്**

**ദുരന്തനിവാരണ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. നജീബ് കാന്തപുരം

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് തുടരെത്തുടരെ ഉണ്ടാകുന്ന പ്രളയഭീഷണി ഒഴിവാക്കാൻ സമഗ്രമായ ദുരന്തനിവാരണ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

**മറുപടി:** തുടർച്ചയായ പ്രളയ ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനായി നിരവധി പദ്ധതികൾ സംസ്ഥാനത്ത് ഇതിനോടകം നടന്നു വരികയാണ്. AI അടക്കമുള്ള സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിലവിലെ സംവിധാനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പദ്ധതിയുണ്ട്. സംസ്ഥാനത്ത് സ്ഥാപിക്കുന്ന 'കേരള ഡിസാസ്റ്റർ റെസീലിയൻസ് സെന്റർ' ദുരന്തനിവാരണ രംഗത്തെ ശാസ്ത്രീയ വൈദഗ്ധ്യം, സാങ്കേതിക കഴിവുകൾ, കമ്മ്യൂണിറ്റി അധിഷ്ഠിത തയ്യാറെടുപ്പ് എന്നിവ ഒരൊറ്റ ചട്ടക്കൂടിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ളതാണ്. ഈ സ്ട്രാറ്റജിക് സംവിധാന കേന്ദ്രം നിലവിൽ വരുന്നതോടെ ദുരന്തനിവാരണത്തിലും കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന ദുരന്തങ്ങളുടെ പ്രതിരോധത്തിലും കേരളം രാജ്യത്തിനുതന്നെ മാതൃകയാകും.

**(ബി)** ഡാമുകളുടെ പ്രവർത്തനം കൂടുതൽ ശാസ്ത്രീയമാക്കാൻ എ.ഐ. അധിഷ്ഠിത ഡാം മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വൃഷ്ടി പ്രദേശത്തെ മഴയുടെ സാധ്യത, നദീതീരങ്ങളിലെ ജലനിരപ്പ് എന്നിവ ഏകോപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**മറുപടി:** വൃഷ്ടിപ്രദേശങ്ങളിലെ മഴ വിവരങ്ങൾ, ജലനിരപ്പ് വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിനായുള്ള വിപുലമായ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചു വരികയാണ്. ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും ഓട്ടോമാറ്റിക് റിവർ ഗേജുകളും കൂടുതലായി സ്ഥാപിച്ചു. കേന്ദ്ര കാലാവസ്ഥ വകുപ്പിനും കേന്ദ്ര ജലകമ്മീഷനും പുറമെ സംസ്ഥാന സർക്കാരിന്റെ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനകീയ കൂട്ടായ്മകളും ഇതിൽ പങ്കാളികളാവുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന വിവരങ്ങളെല്ലാം ഒരുകോമൺ പ്ലാറ്റ്ഫോമിൽ കൊണ്ട് വരാൻ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വയനാട്, കൊല്ലം ജില്ലകളിൽ പുതുതായി സ്ഥാപിക്കുന്ന റഡാറുകൾ കൂടി

വരുന്നതോടെ ഉൾവനങ്ങളിൽ ഉൾപ്പെടെയുള്ള വൃഷ്ടിപ്രദേശങ്ങളിലെ മഴ സംബന്ധിച്ച് കൂടുതൽ വ്യക്തമായ വിവരങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**